15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2651 — 12-10-2021 - ൽ മറുപടിയ്ക്ക്

## സഹകരണ നിയമത്തിലെ അടിസ്ഥാനപരമായ മാറ്റങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri. V. N. Vasavan**<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓർഡിനൻസിലൂടെ സഹകരണ നിയമത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഓർഡിനൻസിലൂടെ സഹകരണ നിയമത്തിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ വരുത്തിയിട്ടില്ല. |
| (ബി) | എങ്കിൽ ഏന്തെല്ലാം മാറ്റങ്ങളാണ് വരുത്തിയതെന്ന് അറിയിക്കുമോ; | (ബി) | ബാധകമല്ല |
| (സി) | നിയമത്തിൽ മാറ്റങ്ങൾ വരുത്താനുള്ള അടിയന്തരസാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | (സി) | ബാധകമല്ല |
| (ഡി) | സഹകരണ നിയമത്തിൽ സമഗ്രമായ പരിഷ്കരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ഡി) | സംസ്ഥാന സഹകരണ നിയമം, 1969 സമഗ്രമായി പരിഷ്കരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിയമപരിഷ്കാരത്തിൽ ശുപാർശ സമർപ്പിക്കുന്നതിന് മുൻ അഡ്വക്കേറ്റ് ജനറൽ ശ്രീ. കെ കെ രവീന്ദ്രനാഥ് അധ്യക്ഷനായ സമിതിയെ നിയോഗിച്ചിരുന്നു. ടി സമിതി നൽകിയ നിർദ്ദേശങ്ങൾ ഉൾക്കൊണ്ട് സഹകരണ മേഖലയിലെ പ്രവർത്തനങ്ങൾ മികവുറ്റതാക്കാനും സഹകരണ നിയമത്തിൽ കൂടുതൽ കർശന വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും, സഹകരണ രംഗത്ത് ഉയർന്നു വരുന്ന ആശാസ്യകരമല്ലാത്ത പ്രവണതകൾ അവസാനിപ്പിക്കുന്നതിനും സംഘങ്ങളുടെ വളർച്ചയ്ക്ക് അനുയോജ്യമാകുന്ന വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു ബിൽ തയ്യാറാക്കാൻ ശ്രീ. ജോസ് ഫിലിപ്പ് (റിട്ട. അഡീഷണൽ രജിസ്ട്രാർ), ശ്രീ. മദനചന്ദ്രൻ നായർ (റിട്ട. പ്രിൻസിപ്പാൾ, സഹകരണ പരിശീലന കേന്ദ്രം), ശ്രീ. എൻ.ജി. പ്രദീപ് കുമാർ (റിട്ട. അസിസ്റ്റന്റ് രജിസ്ട്രാർ) എന്നിവർ അംഗങ്ങളായും സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ലാ ആഫീസർ കൺവീനറായും ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. സമഗ്രമായ ഭേദഗതി |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി അവതരിപ്പിച്ച് അംഗീകാരം നേടുന്നതാണ്. |

സെക്ഷൻ ഓഫീസർ